## ഭരണഭാഷ മാതൃഭാഷ

### ഭരണഭാഷാ പ്രതിജ്ഞ

മലയാളം എന്റെ ഭാഷയാണ്.
മലയാളത്തിന്റെ സമ്പത്തിൽ ഞാൻ
അഭിമാനിക്കുന്നു. മലയാള ഭാഷയെയും
കേരള സംസ്കാരത്തെയും
ഞാൻ ആദരിക്കുന്നു. ഭരണ
നിർവ്വഹണത്തിൽ മലയാളത്തിന്റെ
ഉപയോഗം സാർവത്രികമാക്കുന്നതിന്
എന്റെ കഴിവുകൾ ഞാൻ
വിനിയോഗിക്കും.

# മൊഴി

നുറുങ്ങു
ത്രൈമാസിക



ഒരു നിയമസഭാ
പ്രസിദ്ധീകരണം
2025 മേയ്
ലക്കം 10

2025 മേയ്
ലക്കം 10

# മൊഴി

ഒരു നിയമസഭാ
പ്രസിദ്ധീകരണം

മുഖ്യരക്ഷാധികാരി
**ശ്രീ. എ. എൻ. ഷംസീർ**
ബഹു. നിയമസഭാ സ്പീക്കർ

മുഖ്യപത്രാധിപർ
**ഡോ. എൻ. കൃഷ്ണ കുമാർ**
നിയമസഭാ സെക്രട്ടറി

പത്രാധിപസമിതി:
ദീപ ആർ. കൃഷ്ണൻ
ജോയിന്റ് സെക്രട്ടറി

ഇ.കെ.മുഷ്താഖ്
പ്രസ്സ് സെക്രട്ടറി

സബാഹുദ്ദീൻ എസ്.എസ്
സെക്ഷൻ ഓഫീസർ

എസ്.ബാബുരാജൻപിള്ള
അറ്റൻഡർ

## പറയാനുള്ളത്

ചില വരികൾ, അവ ചെറുതെങ്കിലും
മനസ്സിൽ മായാതെ തേയാതെ നിന്നിടും,
നമ്മുടെ ഓർമ്മകളെ തൊട്ടുതലോടി
തഴുകിയുണർത്തിടും.
ഈ 'മൊഴി'ക്കും ഒരുപാടു
മൊഴിയാനാകട്ടെ. ഏവരെയും
സ്പർശിച്ച് ഭാവനാ സ്പന്ദനങ്ങളെ
സമ്പന്നമാക്കി മിഴികൾക്ക് പുതിയ
കാഴ്ചകൾ നൽകിടട്ടെ,
പുതുമൊഴികൾ ഉണരട്ടെ.

**ഡോ. എൻ. കൃഷ്ണ കുമാർ**
സെക്രട്ടറി

**അജിമോൻ സി.**
എ.എസ്.ഒ.

## അറിവും, തിരിച്ചറിവും

കാലങ്ങൾക്കപ്പുറത്ത്നിന്നൊരു
മഹനീയ ആശയം ഒഴുകിവന്നു
ജനങ്ങളിലേക്ക് ജനാധിപത്യം
ഇത് അറിവായി
കാലങ്ങൾക്കിപ്പുറം ജനമറിയുന്നു
ഇത് അൽപ്പാധിപത്യമെന്ന്
ഇത് തിരിച്ചറിവായി

**രമേശ് ഡി**
ഓഫീസ് അറ്റൻഡന്റ്

## ദുഃഖം

ദുഃഖം വരുമ്പോൾ
കണ്ണാടി നോക്കണം
കണ്ണിമവെട്ടാതെ
നോക്കിയിരിക്കണം
നിന്നുടെ ദുഃഖങ്ങൾ
നിന്റേതുമാത്രമാണെന്നുള്ള
ബോധ്യമുണ്ടാകും വരെ
മിണ്ടാതെ നിൽക്കണം.

**ഷാജി ഹാരിസ്**
സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്.

## സാക്ഷി

സ്നേഹത്തിൻ കരങ്ങളും
കരുതലിൻ രത്നങ്ങളും
എന്നുമുണ്ടാകുമെന്നോർത്തിരുന്നാൽ
ചോരകിനിയുന്ന സന്ധ്യമായും
നിലാവെളിച്ചം പിറന്നു വീഴും
നക്ഷത്രകുഞ്ഞുങ്ങൾ പുഞ്ചിരിക്കും
ഒറ്റയ്ക്കിരിക്കേണ്ട കാലം വരും നേരം
കണ്ണുനീർത്തുള്ളികൾ കൂട്ടിരിക്കും

**വിക്രമൻ സി.**
ബയന്റർ.

## കാരുണ്യം

കരുതലിൻ കരങ്ങളാൽ താങ്ങുമീ
മർത്ത്യകുലത്തിൻ ആധികളെ
കാരുണ്യത്തിൻ വറ്റാത്തൊരുറവയായ്
ഹൃദയത്തുടിപ്പുകൾ കൂടിടുന്നു
സഹജീവി സ്നേഹത്തിലധിഷ്ഠിതമായ്
പരോപകാരത്തിൽ പങ്കുചേരാം.

**നിസാർ എ.**
സെക്ഷൻ ഓഫീസർ

## അമ്മ

മാറുന്ന മനുഷ്യനും, മാറുന്ന വാക്കും
മാറുന്ന ലോകത്ത് മാറാത്തതായി
മാറിൽ നിറഞ്ഞൊരു സ്നേഹം മാത്രം
മാറു ചുരന്നൊരു സ്നേഹം മാത്രം.



**പ്രീതാ സി.എസ്.**
ഓഫീസ് സൂപ്രണ്ട്

## ആങ്ങള

മദ്യലഹരികൾ നിശകളിൽ നിറയും
പ്രതികാരത്തിൻ തീക്കുണ്ഡവുമായ്
അവ ആളിക്കത്തും പകലുകളിൽ
വിപ്ലവമല്ലിതു, വികാരമല്ലിതു
വിശപ്പു മാറും പട്ടിണിയല്ലിതു
നഗ്നത കാട്ടി കണ്ടെന്നോതി
മാനത്തിന്നു വിലയിടുന്നവരുടെ
കാതിൽ മുഴങ്ങുന്നാർപ്പുവിളി
ആണൊന്നെന്നുടെ അരികെയണഞ്ഞവ-
നെങ്ങോ മറഞ്ഞവർ പോകുന്നേരം.

**അരുണിമ എസ്.എസ്.**
അസിസ്റ്റന്റ്

## ഓർമ്മകൾ

മനസിലൊരു ചെറു കൂടുകെട്ടി
അതിനുള്ളിൽ
മയിൽപ്പീലി തണ്ടുപോലെ
ചേർത്തു വയ്ക്കാൻ
ഒരായിരം ഓർമ്മതൻ ഇതളുകൾ
ഇനിയും ബാക്കി നിൽപ്പൂ.

**ശങ്കർ കെ. കെ.**
അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

## കവചം

അഴുക്കൊഴിഞ്ഞഴയിലഴകിലേഴു
വർണ്ണം വഴിഞ്ഞൊഴുകിയീവണ്ണം
കഴിയുമീ മുഖമറ പാഴല്ല
മുഖത്തേറിടുമ്പോൾ, കഴിവുറ്റ
കവചമാണേഴു വാഴ്‌വി
ലുമഴലിലുഴറുമൊരു മനുകുലം
മാരിയോടേറ്റിടുമ്പോൾ

**ശ്രീവിദ്യ എസ്.**
സെക്ഷൻ ഓഫീസർ.

## കുലസ്ത്രീ

നിലം നോക്കി നടക്കണം
തളിർക്കുന്ന മോഹങ്ങളെ
മനസ്സിലിട്ടടക്കണം
ചുണ്ടനങ്ങാതെ മിണ്ടണം
ഉരുകിയുരുകി തീർക്കണം
മെഴുകുതിരിപോലെ ജീവിതം.

**മഞ്ജു പി.യു.**
അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II.

## നേതി

മഹാപ്രപഞ്ചത്തെ
മുഴുവനുമായുള്ളി-
ലുൾക്കൊള്ളുമ്പോഴും
ഞാനിതൊന്നുമല്ലെന്നറിയുന്നതത്രേ
അഹം ബോധം
നേതി നേതി നേതി.



**ഡോ. വിഷ്ണുമായ ആർ.എസ്**
കാറ്റലോഗ് അസിസ്റ്റന്റ്

## പകൽക്കിനാവ്

അന്ന് പുസ്തകത്താളിൽ
മയങ്ങിയ മയിൽപ്പീലി-
യിന്നൊരു പൊന്മയിലായ് വളർന്നു,
അഴകാർന്ന പീലി വിടർത്തി
നൃത്തമാടിടുന്നു!
നിദ്രയിൽ നിന്നുണർന്നു നോക്കവേ
തൽക്ഷണം,താളിൽ വെറും
മയിൽപ്പീലി മാത്രമായ് !
അതോ, വെറും
പകൽക്കിനാവായിരുന്നു!

**സഫിയ ഷാനവാസ്**

## മനുഷ്യൻ

സുഖംതേടിയലയുന്ന മനുഷ്യരെല്ലാം
ദുഃഖം നേടുന്നതറിയുന്നില്ല
സുഖത്തിനായ് കാണും
കിനാക്കൾ അപരനെ
ദുഃഖത്തിലാഴ്ത്തുന്നതറിയുന്നില്ല
ഇന്നിൻ സുഖത്താലാനന്ദിക്കുന്നവൻ
നാളത്തെ ദുഃഖത്തെ ഓർക്കുന്നില്ല
എന്നാൽ ദുഃഖം കീഴടക്കുന്നവനോ
നാളെകളവനായി കാത്തിരിക്കും.

**നന്ദുപ്രഭ**
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്.

## പേരില്ലാകഥ

ലോകത്തിലേറ്റവും വൃത്തികേടായി
തോന്നിയത് ഗർഭിണികളായ
സ്ത്രീകൾ വയറും തള്ളിയങ്ങനെ
നടക്കുന്നതാണെന്നായിരുന്നു
അയാളുടെ ചിന്ത. എന്നാൽ
ഇപ്പോൾ മനസ്സിലായി
ലോകത്തിലേറ്റവും സുന്ദരികൾ
ഗർഭിണികളാണെന്ന്. കാരണം
ഇപ്പോൾ അയാളുടെ ഭാര്യ
ഗർഭിണിയാണ്.

**പ്രീതാറാണി കെ.ആർ.**
ബഹു. സ്പീക്കറുടെ
അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി

## മഴ


മിഴി നിറഞ്ഞൊഴുകി
മനം പിടഞ്ഞു നുറുങ്ങി
കടിച്ചമർത്തപ്പെട്ട നൊമ്പരം
അടിച്ചമർത്തലുകളിൽ നിന്നും പിടിവിട്ടു
ആർത്തലച്ച് പെയ്ത മഴയിൽ
മിഴിനീരും കലങ്ങി ഒഴുകി.



**പി. ഗിരിജാഭായി**
ബഹു. സ്പീക്കറുടെ
അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി

## വഴി

വഴിക്ക് എന്നെ രസിച്ചു തുടങ്ങിയേ
ഞാൻ ചേർന്നു നിന്നു
ചേർന്നു നീങ്ങവേ
കേൾപ്പൂ പുതുതാളം
താളത്തിൽ വഴി ചോദിപ്പൂ
വൈകിയതെന്തേ.....



**നെൽസൺ ജെ. എളുക്കുന്നേൽ**
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

## വിവാദം

ആരോ കാറ്റൂതി വിട്ട ബലൂൺ
കുറച്ചുനാൾ ഉടമസ്ഥനില്ലാതെ
വാനിൽ പാറിക്കളിച്ചു.
നോക്കി നിൽക്കാൻ ഏറെ
ആളുകളുണ്ടായിരുന്നു.
പിന്നെയാരും അതിനെ കണ്ടില്ല
അന്വേഷിച്ചതുമില്ല.

